പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 275 29.01.2014 - ൽ മറുപടിക്ക്

<u>വൃദ്ധജനങ്ങളുടെ സംരക്ഷണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>,, റ്റി.എ,. അഹമ്മദ് കബീർ<br>,, കെ.എൻ.എ. ഖാദർ<br>,, പി.കെ. ബഷീർ | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിലാണെന്നതുകൊണ്ട്, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി എന്തൊക്കെ മുൻകരുതലുകളും, സംവിധാനങ്ങളുമാണ് കൂടുതലായി ഏർപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ; | (എ) | കേരളത്തിലെ മുതിർന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായാണ് സെൻസസ്സ് കണക്കുകൾ വ്യക്തമാക്കുന്നത്.<br>ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിലാണെന്നതുകൊണ്ട്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി മുൻ കരുതലുകളും സംവിധാനങ്ങളും കൂടുതലായി ഏർപ്പെടുത്തേണ്ടതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് പരിചരണം, പരിരക്ഷ എന്നിവയ്ക്കുപരിയായി സ്വാതന്ത്ര്യം, സംരക്ഷണം, സാമൂഹിക പ്രക്രിയകളിലുള്ള പങ്കാളിത്തം, എന്നിവയ്ക്കുള്ള അവകാശം ഉറപ്പാക്കാനും, മുതിർന്നവരെ സാമ്പത്തികവും, ആരോഗ്യപരവും, സാമൂഹികവും, വൈകാരികവുമായ തലങ്ങളിൽ ശാക്തീകരിക്കുവാനും ഉദ്ദേശിച്ചുകൊണ്ട് മുതിർന്ന പൗരന്മാരുടെ "സംസ്ഥാന വയോജന നയം 2013" അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ മുതിർന്ന പൗരന്മാരുടെ സാമ്പത്തിക സുരക്ഷ, ആരോഗ്യം, ക്ഷേമം സംരക്ഷണം, നിയമ സഹായം എന്നിവയ്ക്ക് മുൻഗണന നൽകികൊണ്ടുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ആയത് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാനുള്ള ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിച്ച വരുന്നു. |
| (ബി) | വൃദ്ധജനങ്ങളുടെ അനുപാതത്തിൽ ഉണ്ടാകുന്ന വർദ്ധനയും, അതി വേഗം വ്യാപിക്കുന്ന അണുകുടുംബ വ്യവസ്ഥയും, വൃദ്ധരുടെ സംരക്ഷ ണക്കാര്യത്തിൽ ഉയർത്തുന്ന വെല്ലുവിളികൾ പരിശോധിച്ചി ട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (ബി) യും (സി) യും | വൃദ്ധജനങ്ങളുടെ അനുപാതത്തിൽ ഉണ്ടാകുന്ന വർദ്ധനയും, അതി വേഗം വ്യാപിക്കുന്ന അണു കുടുംബ വ്യവസ്ഥയും വൃദ്ധരുടെ സംരക്ഷണ കാര്യത്തിൽ ഉയർത്തുന്ന വെല്ലു വിളികൾ എന്നിവ പരിശോധിച്ചി ട്ടുണ്ട്. നഗരവൽകരണവും ചെറുപ്പ ക്കാർ തൊഴിലിനായി ദൂരെയുള്ള നാടുകളിൽ കുടിയേറുന്നതും വൃദ്ധരുടെ സംരക്ഷണത്തിന് വെല്ലുവിളിയായിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ വയോജന ങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതി സംസ്ഥാനത്തെ 25 നഗര പ്രദേശ ങ്ങളിൽ പ്രവർത്തിച്ച് വരുന്നു. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതി നായി മൊബൈൽ ക്ലിനിക്ക്, ഹെൽപ്പ്ഡെസ്ക്, പാലിയേറ്റീവ് പരിചരണം മരുന്ന്, ആംബുല ൻസ് സൗകര്യം എന്നിവ നൽകി വരുന്നു. ഇതു കൂടാതെ, സംസ്ഥാനത്ത് 15 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കു ന്നുണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന 512 വൃദ്ധ സദനങ്ങളും നിലവിലുണ്ട്. ഇത്തരം സ്ഥാപന ങ്ങളിൽ നിന്നും വൃദ്ധർക്ക് സംരക്ഷണവും ആഹാരവും ആരോഗ്യ പരിപാലനവും താമസ സൗകര്യവും ലഭിക്കുന്നുണ്ട്. |
| (സി) | സംരക്ഷിക്കാൻ ആരുമില്ലാത്ത വൃദ്ധർക്ക് ആഹാര, ആരോഗ്യ, താമസ സൗകര്യങ്ങൾ ഏർപ്പെടു ത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ ? | | |

സെക്ഷൻ ഓഫീസർ